**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 26** — **12-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന തീരദേശ പരിപാലന പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി കെ അബ്ദു റബ്ബ് | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാന തീരദേശ പരിപാലന പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇത് എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്നും വ്യക്തമാക്കുമോ? | (എ) | 18.01.2019 ലെ GSR. 37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം-2019 (CRZ Notification 2019) പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan – CZMP) തയ്യാറാക്കുന്നതിന് 20.08.2019 ലെ സർക്കാർ ഉത്തരവ് GO(Rt) No. 80/19/Envt പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (National Centre for Earth Science Studies) ചുമതലപ്പെടുത്തി. തുടർന്ന് തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത കരട് മാപ്പിന്മേലുള്ള പബ്ലിക് ഹിയറിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് മാപ്പിന്മേലുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ തിരുത്തലുകൾ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. തിരുത്തലുകൾ ഉൾപ്പെടുത്തിയ എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് ഉടൻ തന്നെ നൽകുമെന്നും അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ ശുപാർശകൾ സഹിതം കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കേണ്ടതുണ്ട്. 2019 ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള Coastal Zone Management Plan ആറ് മാസത്തിനുള്ളിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ